(സി) ഇതിന്റെ ഉൽപ്പാദനചെലവ് യൂണിറ്റിന് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉൽപ്പാദനചെലവ് താരതമ്യേന കുറഞ്ഞ ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഒരു ഗവേഷണ പദ്ധതിയായി ആരംഭിച്ച തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി 1996-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് കൈമാറി. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഏകദേശം 10-15 കിലോവാട്ട് വൈദ്യുതി ഉല്പ്പാദിപ്പിക്കുന്ന പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇത് ഒരു വ്യാവസായിക പദ്ധതി അല്ലാത്തതിനാൽ യൂണിറ്റ് കോസ്റ്റ് താരതമ്യ പഠനത്തിന് ഉപയോഗ്യമല്ല.

(ഡി) മറ്റുപദ്ധതികളുമായി താരതമ്യപ്പെടുത്തിയാൽ തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദന ചെലവ് കുറവല്ല.

എന്നാൽ തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളൊന്നും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടില്ല.

രാമക്കൽമേട്ടിൽ കാറ്റിൽനിന്നും വൈദ്യുതി

25 [2775] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എം. ഹസ്സൻ:
,, *ലൂഡി ലൂയിസ്:*
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കിയതെന്നാണ്;

(ബി) അതിനുശേഷം ഇതുവരെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ അവിടെ എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്;

(സി) കഴിഞ്ഞ മൂന്ന് വർഷമായി തമിഴ്നാട് അവിടെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച പരിശോധനകളും പരീക്ഷണങ്ങളും നടത്തിവരികയാണോ എന്ന് അറിയിക്കാമോ?

GPM. 2/587/2012.—10

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1992 മുതൽ 1995 വരെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിൻ കീഴിൽ നടന്ന പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയത്.

(ബി) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്നും 80 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 27 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമം നടത്തിയെങ്കിലും സ്വകാര്യ സംരംഭകരാരുംതന്നെ ഇതിനായി മുന്നോട്ടുവരാത്ത സാഹചര്യത്തിൽ പ്രസ്തുത പരിപാടി നിർത്തിവെയ്ക്കേണ്ടതായിവന്നു.

കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി സർക്കാർ അനെർട്ടിന് 149.10.53 ഹെക്ടർ റവന്യൂഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ അതിർവരമ്പിനായുള്ള ജൻഡയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പ്രസ്തുത സ്ഥലത്തെ കാറ്റിന്റെ ലഭ്യതയെക്കുറിച്ച് കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള സി-വെറ്റ് (സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി) സൂക്ഷ്മ സ്ഥലനിർണ്ണയം നടത്തുന്നതിനായുള്ള കോണ്ടൂർ സർവെ അനെർട്ട് നടത്തുകയുണ്ടായി. ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായി രാമക്കൽമേട്ടിൽ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(സി) 1. വിന്ധ്യ എന്ന സ്ഥാപനം രാമക്കൽമേട് ഏരിയയിൽ തമിഴ്നാടിന്റേതായ സ്ഥലത്ത് Wind Monitoring Mast സ്ഥാപിച്ചിട്ടുണ്ട്.

2. കേരളത്തിന്റെ അതിർത്തിക്കുള്ളിൽ രാമക്കൽമേട് വിൻഡ് ഫാമിനുവേണ്ടി അലോട്ട് ചെയ്തിട്ടുള്ള സ്ഥലത്തോട് ചേർന്നുള്ള "പുഷ്പകണ്ടം" എന്ന സ്ഥലത്തും, അവിടെനിന്നും ഉദ്ദേശം 3 KM അകലെ "കുരുവിക്കാനം" എന്ന സ്ഥലത്തും NEG Micon എന്ന സ്ഥാപനം ഓരോ Wind Monitoring Mast സ്ഥാപിച്ചിട്ടുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി

26 [2776] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *ടി. പി. എം. സാഹിർ:*
,, *ചെർക്കളം അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly